9
ചൊവ്വ
മെയ് 2023
1198 മേടം 25
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com



താനൂർ ബോട്ട് അപകടത്തിൽ മരിച്ചവരുടെ മൃതദേഹത്തിനരികെ പൊട്ടിക്കരയുന്ന ബന്ധുക്കൾ
ഫോട്ടോ: കെ ഷെമീർ

# ആഴങ്ങളിൽ അവർ

**കേരളത്തിന് വീണ്ടും ജലംകൊണ്ട് മുറിവേറ്റു. ഒരു നിമിഷത്തെ വിവേകശൂന്യമായ ആവേശവും ബോട്ടധികൃതരുടെ അനാസ്ഥയും 22 ജീവനാണ് കവർന്നത്. നാടാകെ പെയ്യുന്ന കണ്ണീർമഴയിൽ തണുത്തുവിറങ്ങലിച്ച് അവർ വെള്ളപുതച്ചു കിടന്നു. തൂവൽതീരം മരണതീരമായി**

● മരിച്ചവരിൽ ഒരു കുടുംബത്തിലെ 11 പേർ ● ബോട്ടുടമ പിടിയിൽ; നരഹത്യക്ക് കേസ് ● കാലപ്പഴക്കംചെന്ന ബോട്ട്, ലൈസൻസുമില്ല ● 10 പേർ ചികിത്സയിൽ ● ചികിത്സച്ചെലവ് സർക്കാർ വഹിക്കും ● നടപടികൾ ഏകോപിപ്പിച്ച് മുഖ്യമന്ത്രിയും 11 മന്ത്രിമാരും ● അവലോകന യോഗം ചേർന്ന് അടിയന്തര ഇടപെടൽ ● രക്ഷാപ്രവർത്തനത്തിന് നാവികസേനയും

**മരണം 22**

ഒ വി സുരേഷ്

**താനൂർ**

രാത്രി പെയ്ത്തിന്റെ ശേഷിപ്പായി നനഞ്ഞ ഇടവഴികൾ, കണ്ണീർ കടലായി മുഖങ്ങൾ–നെഞ്ചുപിളർക്കുന്ന നിമിഷങ്ങൾ നിറഞ്ഞ പകൽ. ഭാര്യയും മക്കളും നഷ്ടപ്പെട്ടവർ, കുടുംബമാകെ ഇല്ലാതായവരുടെ ബന്ധുക്കൾ, താലോലിച്ച് മതിയാകാത്ത കുഞ്ഞുമക്കളെ നഷ്ടമായവർ... ശ്രമകരമായ രക്ഷാപ്രവർത്തനം നടന്നിട്ടും 22 പേരെ പുഴയെടുത്തതിന്റെ ആഘാതത്തിൽ വിങ്ങിപ്പൊട്ടുകയാണ് നാട്. താനൂർ തൂവൽതീരത്ത് സ്വകാര്യ വിനോദസഞ്ചാര ബോട്ട് മറിഞ്ഞ് മരിച്ചവർക്ക് നാട് കണ്ണീരോടെ വിടനൽകി.

ഞായർ രാത്രി ഏഴേമുക്കാലോടെയാണ് ഒട്ടുംപുറം പൂരപ്പുഴയിൽ 'അറ്റ്ലാന്റിക്' ബോട്ട് മറിഞ്ഞത്. 37 സഞ്ചാരികളിൽ രാത്രിതന്നെ 22 പേരുടെ മൃതദേഹം കണ്ടെത്തി. അഞ്ചുപേർ രക്ഷപ്പെട്ടു. 10 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. അപകടമുണ്ടായപ്പോൾ മുതൽ നാട്ടുകാരും പൊലീസും അഗ്നിരക്ഷാസേനയും സ്കൂബ, ട്രോമാ കെയർ സംഘവും തുടങ്ങിയ രക്ഷാപ്രവർത്തനം തിങ്കൾ രാവിലെയും തുടർന്നു. ഒരു കുട്ടിയെ കാണാനില്ലെന്ന വിവരവും പുറത്തുവന്നു. നാവികസേനാസംഘം ഹെലികോപ്റ്ററിൽ നിരീക്ഷണം നടത്തി. വൈകാതെ കുട്ടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുണ്ടെന്ന വിവരംവന്നു.

തിങ്കൾ രാവിലെ ആറോടെതന്നെ വിവിധ ആശുപത്രികളിൽ പോസ്റ്റുമോർട്ടം ആരംഭിച്ചു. പത്തരയോടെ മൃതദേഹങ്ങൾ വീടുകളിലേക്ക് എത്തിച്ചു. പരപ്പനങ്ങാടി പുത്തൻകടപ്പുറത്തെ കുന്നുമ്മൽ വീട്ടിലെ 11 പേരുടെയും മൃതദേഹം വലിയ ജുമാഅത്ത് പള്ളി ഖബർസ്ഥാനിൽ അടുത്തടുത്തായാണ് ഖബറടക്കിയത്. നെടുവ ചെട്ടിപ്പടിയിലെ നാലംഗ കുടുംബത്തിന്റെ മൃതദേഹം ആനപ്പടി ജുമാമസ്ജിദ് ഖബർസ്ഥാനിലും ഖബറടക്കി. അപകടത്തിൽപ്പെട്ട ബോട്ടിന് ലൈസൻസില്ല. ഉടമ നാസറിനെ താനൂർ പൊലീസ് അറസ്റ്റ് ചെയ്തു. താനൂരിൽ ബോട്ടപകടത്തിൽ മരിച്ചവരോടുള്ള ആദരസൂചകമായി സംസ്ഥാനത്ത് തിങ്കളാഴ്ച ദുഃഖമാചരിച്ചു.

## ബോട്ടുടമ നാസർ അറസ്റ്റിൽ

**മലപ്പുറം**

ദുരന്തത്തിനിടയാക്കിയ അറ്റ്ലാന്റിക് ബോട്ടിന്റെ ഉടമ പാട്ടരകത്ത് നാസർ അറസ്റ്റിൽ. കോഴിക്കോട് എലത്തൂരിലെ ബന്ധുവീട്ടിൽ ഒളിവിലായിരുന്നു. തിങ്കൾ പകൽ 3.30ഓടെയാണ് താനൂർ പൊലീസ് പിടികൂടിയത്. നാസറിനെതിരെ നരഹത്യക്ക് കേസെടുത്തു.



ഇയാളുടെ കാർ വാഹന പരിശോധനക്കിടെ എറണാകുളം പാലാരിവട്ടത്ത് പൊലീസ് കസ്റ്റഡിയിലെടുത്തു. നാസറിന്റെ ഫോണും പിടിച്ചെടുത്തു. ഇതിനു പിന്നാലെയാണ് നാസർ അറസ്റ്റിലായത്. പാലാരിവട്ടം പൊലീസ് കസ്റ്റഡിയിലെടുത്തവരെ രാത്രിയോടെ താനൂർ പൊലീസിന് കൈമാറി.



ഓർമ്മകൾ പൂക്കും...

കുടുംബത്തിലെ പതിനൊന്നുപേരെ ഖബറടക്കിയ പരപ്പനങ്ങാടി പുത്തൻ കടപ്പുറം വലിയ ജുമാഅത്ത് പള്ളി ഖബറിൽ മീസാൻകല്ല്വച്ച ശേഷം ചെടികൾ നടുന്നു

## ജുഡീഷ്യൽ അന്വേഷണം നടത്തും



**താനൂർ**

**മരിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം**

താനൂർ ബോട്ടപകടത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മരിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം രൂപവീതം ധനസഹായം നൽകും. പരിക്കേറ്റവരുടെ ചികിത്സച്ചെലവ് ഏറ്റെടുക്കുമെന്നും താനൂരിൽ സർവകക്ഷി യോഗശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

കേരളത്തെ നടുക്കിയ വലിയ ദുരന്തമാണിത്. അപകടത്തിനിടയാക്കിയ സാങ്കേതിക പ്രശ്നങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി കമീഷൻ രൂപീകരിക്കും. പൊലീസ് അന്വേഷണത്തിന് പ്രത്യേക സംഘമുണ്ടാകും. വാക്കുകൾകൊണ്ട് ആശ്വസിപ്പിക്കാവുന്നതിലും വലിയനഷ്ടമാണ് അപകടത്തിൽപ്പെട്ടവരുടെ കുടുംബത്തിനുണ്ടായത്. അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

## ഏകോപിപ്പിച്ച് മുഖ്യമന്ത്രിയും മന്ത്രിമാരും

**മലപ്പുറം**

താനൂരിൽ ബോട്ടപകടമുണ്ടായ ഉടൻ ഉണർന്ന് പ്രവർത്തിച്ച് സർക്കാർ സംവിധാനങ്ങൾ. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പതിനൊന്ന് മന്ത്രിമാർ ആശുപത്രികളിലും അപകടസ്ഥലത്തുമായി രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചു. ഞായർ രാത്രി അപകടവിവരം അറിഞ്ഞയുടൻ പ്രവർത്തനം ഏകോപിപ്പിക്കാൻ, മന്ത്രിമാരായ പി എ മുഹമ്മദ് റിയാസിനും വി അബ്ദുറഹിമാനും മുഖ്യമന്ത്രി നിർദേശം നൽകി. മന്ത്രിമാരായ കെ രാധാകൃഷ്ണനും അഹമ്മദ് ദേവർകോവിലും രാത്രിയെത്തി. ആരോഗ്യമന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ അടിയന്തരയോഗം ചേർന്നു.

മന്ത്രിമാരായ കെ രാജൻ, എ കെ ശശീന്ദ്രൻ എന്നിവർ തിങ്കൾ പുലർച്ചെ താനൂരിലെത്തി. രാവിലെ പത്തോടെ മുഖ്യമന്ത്രി പിണറായി വിജയൻ തിരൂരങ്ങാടി ഗവ. താലൂക്ക് ആശുപത്രിയിലെത്തി. സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദനും ഒപ്പമുണ്ടായി. പിന്നാലെ, മന്ത്രിമാരായ ആന്റണി രാജുവും റോഷി അഗസ്റ്റിനും സജി ചെറിയാനും. ഒരു കുടുംബത്തിലെ 11 പേരുടെ മൃതദേഹം പൊതുദർശനത്തിനുവച്ച പരപ്പനങ്ങാടി പുത്തൻ കടപ്പുറത്തെ മിസ്ബാഹുൽ ഹുദാ മദ്രസയിൽ മുഖ്യമന്ത്രിയും മന്ത്രിമാരും അന്ത്യോപചാരം അർപ്പിച്ചു. മന്ത്രി വി അബ്ദുറഹിമാന്റെ ക്യാമ്പ് ഓഫീസിൽ മുഖ്യമന്ത്രി അധ്യക്ഷനായി സർവകക്ഷിയോഗം ചേർന്നു. ചീഫ് സെക്രട്ടറി വി പി ജോയിയും പങ്കെടുത്തു. കോട്ടക്കൽ മിംസ് ആശുപത്രിയിൽ ചികിത്സയിലുള്ളവരെയും മുഖ്യമന്ത്രി സന്ദർശിച്ചു. മന്ത്രി വീണാ ജോർജും പരിക്കേറ്റവരെ സന്ദർശിച്ചു. മന്ത്രി ആർ ബിന്ദുവും സ്പീക്കർ എ എൻ ഷംസീറും സ്ഥലത്തെത്തി. ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ, എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ, മന്ത്രി കെ കൃഷ്ണൻകുട്ടി എന്നിവരും സന്ദർശിച്ചു.

P12 P11
പ്രാണൻ നിലച്ച്
ജലം കൊണ്ട് മുറിവേറ്റ്




## കാണുവതെങ്ങനെ..ഈ ഖബറുകൾ..

സ്വന്തം ലേഖകൻ

**പരപ്പനങ്ങാടി**

പൊളിഞ്ഞുവീഴാറായ പഴയ കൂരയ്ക്കുമുന്നിൽ പാതിയിൽ മുറിഞ്ഞ സ്വപ്നംപോലെ വീടിന്റെ തറ. പണിതുയരുമായിരുന്നെങ്കിൽ ഈ വീട്ടിൽ സന്തോഷത്തോടെ കഴിയേണ്ടിയിരുന്ന 11 പേരാണ് ജീവനറ്റ് കിടക്കുന്നത്.

ഒരുകൂരയിൽ കളിചിരികളുമായി ഒന്നിച്ചു കഴിയേണ്ടവർ ഒടുവിൽ ഒരു ഖബറിടത്തിൽ ഒന്നായി അന്തിയുറങ്ങി. മരണം തട്ടിയെടുത്ത ഉറ്റവരെ നോക്കി വിതുമ്പി നിൽക്കുന്ന സെയ്തലവിക്കൊപ്പം ഒരു നാടൊന്നാകെ കണ്ണീരണിഞ്ഞു.

പരപ്പനങ്ങാടി പുത്തൻകടപ്പുറത്ത് കുന്നുമ്മൽ വീട്ടിൽ സെയ്തലവിയുടെ ഭാര്യ സീനത്ത് (42), മക്കളായ ഹസ്ന (18), ഷംസന (17), ഷഹല (12), ഫദ ഫൽന (എട്ട്), സെയ്തലവിയുടെ അനുജൻ സിറാജിന്റെ ഭാര്യ റസീന (28), മക്കളായ സഹറ (എട്ട്), ഫാത്തിമ നുഷ്ദ (ഏഴ്), ഫാത്തിമ റൈന (8 മാസം), അടുത്ത ബന്ധു കുന്നുമ്മൽ ജാബിറിന്റെ ഭാര്യ ജൽസിയ (44), മകൻ ജദീർ (10) എന്നിവരെയാണ് മരണം തട്ടിയെടുത്തത്. ഇനി ഈ വീട്ടിൽ സെയ്തലവിയും സിറാജും ഉമ്മ റുഖിയാബിയും മാത്രം.

മത്സ്യത്തൊഴിലാളികളാണ് സെയ്തലവിയും സിറാജും ജാബിറും. പകലന്തിയോളം പണിയെടുത്താലും മിച്ചംവയ്ക്കാനൊന്നുമില്ലാത്തവർ. എങ്കിലും ഒരേ വീട്ടിൽ ഇവർ സന്തോഷം പങ്കിട്ടു. പഴയ വീട് പൊളിഞ്ഞുവീഴാറായപ്പോൾ നാലുവർഷംമുമ്പാണ് പുതിയ വീടിന് തറ കെട്ടിയത്. സാമ്പത്തികപ്രയാസത്തിൽ അത് സ്വപ്നമായി തുടർന്നു. താനൂർ നഗരസഭയിൽ അപേക്ഷ കൊടുത്തെങ്കിലും അവഗണിച്ചു.

ഞായർ രാത്രി ഏഴരയോടെ സെയ്തലവി ഭാര്യയെ ഫോണിൽ വിളിച്ചിരുന്നു. ബോട്ടിലാണ് ഇപ്പോൾ തിരിക്കുമെന്ന് പറഞ്ഞയുടൻ കട്ടായി. ഉടൻ സുഹൃത്തുക്കളെയും കൂട്ടി പോയപ്പോഴാണ് ബോട്ട് മറിഞ്ഞത് കണ്ടത്. തോണിയിൽ രക്ഷാപ്രവർത്തനത്തിന് സെയ്തലവിയും കൂട്ടുകാരും ഇറങ്ങി. ആദ്യം തന്നെ പുഴയിൽനിന്നെടുത്തത് ഒരു കുഞ്ഞിന്റെ മൃതദേഹമായിരുന്നു. അത് തന്റെ കുഞ്ഞാണെന്ന് മനസ്സിലാക്കിയ നിമിഷം സെയ്തലവിയുടെ ഹൃദയം പൊടിഞ്ഞു. സുഹൃത്തുക്കളാണ് ഒടുവിൽ കരയിലെത്തിച്ചത്. മൃതദേഹങ്ങൾ വീട്ടിലെത്തിച്ചപ്പോഴും ആൾക്കൂട്ടത്തിൽ തളർന്നിരുന്ന് പൊട്ടിക്കരയുകയായിരുന്നു സെയ്തലവിയും സിറാജും.

**മരിച്ച മറ്റുള്ളവർ:**

പെരിന്തൽമണ്ണ കീഴാറ്റൂർ വയങ്കര അബ്ദുൾ നവാസിന്റെ മകൻ അൻഷിദ് (12), വയങ്കര ഹസീമിന്റെ മകൻ അഫ്‌ലഹ് (7), തിരൂർ ഓലപ്പീടിക കാട്ടിൽപീടിയേക്കൽ സിദ്ദീഖ് (41), മക്കൾ: ഫാത്തിമ മിൻഹ (12), മുഹമ്മദ് ഫൈസാൻ (3), മലപ്പുറം മുണ്ടുപറമ്പ് മച്ചിങ്ങൽ മുഹമ്മദ് നിഹാസിന്റെ മകൾ ഹാദി ഫാത്തിമ (7),

പരപ്പനങ്ങാടി നെടുവ മടയംപിലാക്കൽ സബറുദ്ദീൻ (38), ചെട്ടിപ്പടി വെട്ടിക്കുത്തി സൈനുൽ ആബിദിന്റെ ഭാര്യ ആയിഷാബീവി (35), മക്കൾ: ആദില ഷെറിൻ (15), മുഹമ്മദ് അദ്നാൻ (10), മുഹമ്മദ് അഫ്ഹാൻ (മൂന്നര).



കുടുംബത്തിലെ 11 പേരെ നഷ്ടപ്പെട്ട സെയ്തലവി